(ബി) എത്രപേരുടെ പേരിൽ എത്ര കേസുകളാണ് നിലവിലുള്ളത് ?

ഉത്തരം.

(എ) ശ്രീ. എസ്. എസ്. ശർമ്മാ, തങ്കയ്യാ, കെ. എ. ബാലൻ, തേപ്പുപ്പിൽ ഭാസ്കരൻപിള്ള, ആർ. സുഗതൻ, കെ. ആർ. ഗൌരി, പി. ആർ. മാധവൻപിള്ള, കാട്ടായിക്കോണം ശ്രീധരൻ, വി. വേലായുധൻ, യു. നീലകണ്ഠൻ, ആർ. ബാലകൃഷ്ണൻ നായർ, കുഞ്ഞൻ നാടാർ, ടി. ടി. ഡാനിയേൽ, എ. എം. സൈമൺ, താണുലിംഗ നാടാർ, വില്യം, രാമസ്വാമിപ്പിള്ള, ആർ. മുഹമ്മദ്, അനന്തരാമൻ, പൊന്നപ്പനാടാർ എന്നിവരുടെ പേരിൽ കേസുകൾ നിലവിലുണ്ട്.

(ബി) ഒരാളുടെ പേരിൽ മൂന്നു കേസുകൾ, രണ്ടു പേരുടെ പേരിൽ രണ്ടു കേസുകൾ വീതം. ബാക്കിയുള്ളവരുടെമേൽ ഒരോ കേസുകൾ വീതം.

ജോയിഡ്രില്ലുകൾ വാങ്ങിയതിലെ ക്രമക്കേടുകൾ.

345. [25] ശ്രീ. പി. ആർ. മാധവൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മരാമത്തുവകുപ്പു മന്ത്രി ദയവു മറുപടി നൽകുമോ:

(എ) കഴുകിണറുകൾ കുഴിക്കുന്നതിനുള്ള ജോയിഡ്രിൽ യന്ത്രങ്ങൾ ആരോടാണ്, എത്ര എണ്ണമാണ് വാങ്ങിയതു് ;

(ബി) Larsen & Toubro കമ്പനിയോടു് ആ യന്ത്രങ്ങൾ വാങ്ങാൻ മുഖ്യമന്ത്രി ഉത്തരവിട്ടതിനു കാരണമെന്താണ് ?

ഉത്തരം.

(എ) ജോയിഡ്രിൽ യന്ത്രങ്ങൾ വാങ്ങിയിട്ടില്ല. ഒരു Hydraulic Rotary drill വാങ്ങിയിട്ടുണ്ട്. അതു് Larsen and Toubro കമ്പനിയിൽ നിന്നാണ്.

(ബി) കുറഞ്ഞ ക്വൊട്ടേഷൻ Larsen and Toubro കമ്പനിയുടേതായതിനാൽ.

ലാക്കൊപ്പു മർദ്ദനങ്ങൾ.

346. [27] ശ്രീ. പി. കെ. ചാത്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഹോംമിനിസ്റ്റർ ദയവു മറുപടി നൽകുമോ :

(എ) 1954-55-ൽ എത്ര ലാക്കൊപ്പു മർദ്ദനങ്ങൾ നടന്നതായി പരാതികൾ ഉണ്ടായിട്ടുണ്ടു് ; എവിടെ നിന്നെല്ലാം ;

(ബി) മുകുന്ദപുരം താലൂക്കിൽ കാറളത്തുനിന്നു് അറസ്റ്റു് ചെയ്തു കൊണ്ടുവന്ന കർഷക തൊഴിലാളികളെ ഇരിങ്ങാലക്കുട പോലീസു് ലാക്കൊപ്പിൽവച്ചു് മർദ്ദനം നടത്തിയതായി പരാതി കിട്ടിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിലെല്ലാം നിന്നു് ;

(സി) ഈ മർദ്ദനഫലമായി എത്ര ആളുകൾ ആസ്പത്രി ചികിത്സയിൽ എത്ര ദിവസം കിടന്നിരുന്നുവെന്നു പറയാമോ ;

(ഡി) ഈ പരാതികളെ സംബന്ധിച്ചു് അന്വേഷണം നടത്തിയതാരാണു് ; അന്വേഷണറിപ്പോർട്ടിന്റെ പ്രകാരം എന്തു നടപടിയെടുത്തു ?

LIBRARY ARCHIVES Kerala Legislative Assembly